**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2169** **30-09-2025 - ൽ മറുപടിയ്ക്ക്**

**നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോതമംഗലം നിയോജക മണ്ഡലത്തിലെ നേര്യമംഗലത്ത് പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>നേര്യമംഗലം ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് വേണ്ടി നേര്യമംഗലത്ത് കവളങ്ങാട് പഞ്ചായത്ത് താല്കാലികമായി ലഭ്യമാക്കാം എന്ന് അറിയിച്ച സാംസ്കാരിക നിലയത്തിന്റെ ഏകദേശം 1,000 ചതുരശ്ര മീറ്റർ വരുന്ന കെട്ടിടവും അതിനോട് ചേർന്ന് നിർമ്മിച്ച് തരാമെന്ന് അറിയിച്ചിരുന്ന ഏകദേശം 800 ചതുരശ്ര മീറ്റർ വരുന്ന ഷീറ്റ് മേഞ്ഞ ഗ്യാരേജിന്റെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കോൺക്രീറ്റ് വർക്ക്, വാട്ടർ ടാങ്ക് ഉൾപ്പെടെ മറ്റ് പണികൾ പൂർത്തിയാക്കി നൽകാമെന്ന് പഞ്ചായത്ത് അധികൃതർ വകുപ്പ് മേധാവിയെ വാക്കാൽ അറിയിച്ചിട്ടുണ്ട്. ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് തസ്തിക സൃഷ്ടിക്കുന്നതിന് ഡയറക്ടർ ജനറൽ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഫയർ സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അറിയിക്കാമോ? | (ബി) | അടിസ്ഥാനസൗകര്യങ്ങളുടെയും തസ്തികകളുടെയും കാര്യത്തിൽ അന്തിമതീരുമാനമാകുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ